28/12/2021

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ CP No.639(6)/2020/എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.*13915/എസ്.ഐ.സി-ജി 5/2020*)

സന്നിഹിതൻ

അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. എം. കുമാരസ്വാമി,
ശ്രീമുരുകഭവൻ വീട്ടിൽ,
നാരകക്കുഴി ദേശം,
വാഗമൺ വില്ലേജ്, ഏലപ്പാറ പഞ്ചായത്ത്,
പീരുമേട്, ഇടുക്കി
} പരാതി ഹർജിക്കാരൻ

Vs

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ഏലപ്പാറ ഗ്രാമപഞ്ചായത്ത് കാര്യാലയം,
ഏലപ്പാറ, ഇടുക്കി
} എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 20.08.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 17.09.2020 |
| കമ്മീഷനിൽ പരാതി ഹർജി നൽകിയ തീയതി | --- |
| കമ്മീഷനിൽ പരാതി ഹർജി ലഭ്യമായ തീയതി | 02.12.2020 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 29.07.2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭ്യമായ തീയതി | 25.08.2021 |
| ഹിയറിംഗ് തീയതി | 24.12.2021 |
| ഹിയറിംഗിലെ സാന്നിദ്ധ്യം<br>ഹർജിക്കാരൻ<br>എതിർകക്ഷി | <br>ഹാജരായി<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. എം. കുമാരസ്വാമി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്ര

കാരം ലൈഫ് മിഷൻ, ഗ്രാമപഞ്ചായത്ത് ഏലപ്പാറ എന്നിവിടങ്ങളിൽ സമർപ്പിച്ച അപേക്ഷയിന്മേൽ യാതൊരു വിവരങ്ങളും ലഭ്യമാക്കിയില്ലെന്നും ലൈഫ് മിഷൻ മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ വിവരങ്ങൾ നൽകുന്നതിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് ലൈഫ് മിഷൻ കത്ത് അയച്ചുവെങ്കിലും നാളിതുവരെ മറുപടി ലഭ്യമാക്കിയില്ലെന്നും ടിയാൻ അവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യമായ നടപടി കമ്മീഷൻ സ്വീകരിക്കണമെന്നുമാണ്.

2. ഹർജിക്കാരൻ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിന്മേൽ ആവശ്യപ്പെട്ടത് ലൈഫ് മിഷൻ പദ്ധതിയിൽ ഉൾക്കൊളളിച്ച് ടിയാന് അനുവദിച്ച വീട് 932.25 സെന്റിൽ കൂടുതൽ സ്ഥലം ഉണ്ടെന്ന കാരണത്താൽ ടിയാനെ ഒഴിവാക്കി എന്നും കഴിഞ്ഞ പ്രാവശ്യം ഉണ്ടായിരുന്ന VEO ടിയാന്റെ വീട് വന്നു കണ്ടിട്ട് ബ്ലോക്കിൽ വീട് നൽകാമെന്ന് പറഞ്ഞുവെന്നും ബ്ലോക്കിൽ വീട് ഉണ്ടോ എന്നു ചോദിച്ചപ്പോൾ ഇല്ല എന്നു പറയുന്നുവെന്നും ടിയാന് വീട് അനുവദിച്ചു തരുമോ ഇല്ലയോ എന്ന വിവരം നൽകണമെന്നും ഏലപ്പാറ പഞ്ചായത്തിൽ നിന്നും വാഗമൺ വഴിയിൽ പഴയ പഞ്ചായത്ത് ബൗണ്ട എന്ന ഒരു കെട്ടിടം എത്ര രൂപയാണ് അതിന്റെ ചെലവെന്നുമുളള വിവരം നൽകണമെന്നാണ്.

ടി അപേക്ഷയിന്മേൽ എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, വി.ഇ.ഒ.യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാന്റെയോ ടിയാന്റെ കുടുംബത്തിന്റെയോ പേര് PMAY 2019 ൽ നടത്തിയ സർവ്വെയിൽ ഉൾപ്പെടാത്തതിനാൽ പ്രസ്തുത ലിസ്റ്റിൽ നിന്നും വീട് അനുവദിക്കാൻ സാധിക്കുകയില്ലെന്നും, ഏലപ്പാറ വാഗമൺ റോഡ് സൈഡിൽ പഞ്ചായത്ത് ബൗണ്ട എന്ന ഒരു കെട്ടിടം ടി ഓഫീസിൽ നിന്നും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ലെന്നുമാണ്.

3. എതിർകക്ഷി കമ്മീഷൻ മുമ്പാകെ 25.08.2021 ൽ സമർപ്പിച്ച റിപ്പോർട്ടിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ നിലവിലുളള PMAY ലിസ്റ്റിൽ ഉൾപ്പെടാത്തതിനാൽ ടി ലിസ്റ്റിൽ നിന്നും ടിയാനെ പരിഗണിക്കാൻ കഴിയില്ലെന്നും ടിയാന് 25 സെന്റ് വസ്തുവിൽ കൂടുതൽ ഉളളതിനാൽ ലൈഫ് പദ്ധതി പ്രകാരം വീട് അനുവദിക്കുന്നതിന് നിയമതടസ്സം ഉണ്ടെന്നും ഏതെങ്കിലും അനുയോജ്യമായ ഭവന പദ്ധതിയിൽ ടിയാന്റെ പേര് ഇനി ഉൾപ്പെടുത്താൻ കഴിയുമെങ്കിൽ ആയത് ചെയ്യുന്നതാണെന്നുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും 24.12.2021 ൽ കോട്ടയം PWD റസ്റ്റ് ഹൗസിൽ വച്ച് നടത്തിയ ഹിയറിംഗിൽ ഹർജികക്ഷിയും എതിർകക്ഷിയും നൽകിയ മൊഴിയുടേയും അടിസ്ഥാനത്തിൽ ഹർജിക്കാരന്

20.08.2020 ൽ ഏലപ്പാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ മറ്റൊരു അപേക്ഷക്ക് 17.09.2020 ൽ മറുപടി നൽകിയതായി കാണുന്നുവെങ്കിലും ആയത് തികച്ചും തെറ്റാണ് എന്ന പരാതി ഹർജിക്കാരന്റെ വാദം അംഗീകരിക്കാവുന്നതാണെന്നാണ് കമ്മീഷൻ കാണുന്നത്. ഏലപ്പാറ ഗ്രാമപഞ്ചായത്തിലെ മൂന്നാം വാർഡിൽ എത്ര കുട്ടികൾക്ക് പഠന മുറി അനുവദിച്ചു എസ്.സി. വിഭാഗത്തിനു മാത്രമാണോ മറ്റുള്ളവർക്കും ഉണ്ടോ എത്ര രൂപയാണ് പഠനമുറിക്ക് ചെലവ് ഈ ആവശ്യങ്ങൾ വ്യക്തമായി അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടും പഞ്ചായത്ത് എസ്.പി.ഐ.ഒ. പേരും ഔദ്യോഗിക സ്ഥാനപ്പേരും ഇല്ലാതെ 17.09.20 ൽ നൽകിയ മറുപടി (1) ഏലപ്പാറ ഗ്രാമപഞ്ചായത്ത് മൂന്നാം വാർഡിൽ 3-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് പഠനമുറി അനുവദിച്ചിട്ടില്ലാത്തതാകുന്നു എന്നും (2) ബാധകമല്ല എന്നുമാണ് ഇത് വിവരാവകാശ നിയമപ്രകാരം അംഗീകരിക്കുവാൻ കഴിയുന്നതല്ല. ആയത് വിവരാവകാശ നിയമം വകുപ്പ് 7(1) പ്രകാരം കുറ്റകരവും വകുപ്പ് 20(1) പ്രകാരം ശിക്ഷാർഹവുമാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാൻ ഉണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ഇക്കാര്യ ത്തിൽ ടിയാന് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പു പ്രകാരമുള്ള ശിക്ഷാ ഉത്തരവ് പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടിയാന് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ടു ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്.

5. ടിയാൻ 29.06.2019 ൽ സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ആഫീസർക്ക് സമർപ്പിച്ച അപേക്ഷ വകുപ്പ് 6(3) പ്രകാരം ഏലപ്പാറ ഗ്രാമപഞ്ചായത്ത് ഓഫീസിലെ എസ്.പി.ഐ.ഒ. ക്ക് അയച്ചു നൽകിയതായി 16.07.2019 ൽ ടിയാനെ സമയബന്ധിതമായി തന്നെ അറിയിച്ചിട്ടുള്ളതാണ് എന്നു കാണുന്നു. നിലവിലെ നിയമം അനുസരിച്ച് ടിയാനെ ടി പദ്ധതിയിൽപ്പെടുത്താൻ 25 സെന്റിൽ കൂടുതൽ സ്ഥലം ഉള്ളതിനാൽ നിർവ്വാഹമില്ല എന്നും മറ്റേതെങ്കിലും പദ്ധതിയിൽപ്പെടുത്തി നൽകാൻ കഴിയുമെങ്കിൽ ആയത് ചെയ്യുന്നതുമാണ് എന്നും രേഖപ്പെടുത്തി നൽകാൻ കഴിയുമെങ്കിൽ ആയത് ചെയ്യുന്നതുമാണ് എന്നും രേഖപ്പെടുത്തി കാണുന്നു. ഭൂമികുലുക്കത്തിൽ ടിയാന്റെ താമസിക്കുന്ന വീട് ഇടിഞ്ഞിരിക്കുകയാണെന്നും പഞ്ചായത്തിന്റെയും റവന്യൂവിന്റെയും മറ്റും അധികാരികൾ നേരിൽ കണ്ട് ബോധ്യപ്പെട്ടതാണെന്നും ടിയാന്റെ മൊഴിയിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. വിവരാവകാശ നിയമത്തിന്റെ പരിധിയിൽ പ്രശ്നപരിഹാരം ഉൾപ്പെടുന്നില്ല എങ്കിലും ഏലപ്പാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 16.08.2021 ൽ കമ്മീഷന് നൽകിയ റിപ്പോർട്ടിലെ പരാമർശ പ്രകാരം ചെയ്യാവുന്നത് ചെയ്യണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. ടിയാന്റെ 20.08.2020 ലെ അപേക്ഷയിലെ വിവരങ്ങളും രേഖകളും സൗജന്യമായി ശരിയായും വ്യക്തമായും ഈ ഉത്തരവ് ലഭിച്ച് 5 ദിവസത്തിനകം ടിയാന് രജിസ്റ്റർഡ് പോസ്റ്റ് വഴി മറുപടി നൽകി വിവരം കമ്മീഷനെ ബോധ്യപ്പെടുത്തേണ്ടതാണ്.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2021 ഡിസംബർ 28-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION ★ THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
Dp

RIGHT TO INFORMATION